11086
5/11/20

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 – ഉജ്ജീവന വായ്പാ പദ്ധതി - ആലപ്പുഴ ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിൻമേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (ആർ.ടി.) നമ്പർ : 3402/2020/റവ. തിരുവനന്തപുരം, തീയതി, 03.11.2020

==================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 27/2018/ദു.നി.വ., തീയതി, 17.12.2018.

2. സ.ഉ. (കൈ) നം. 04/2019/ദു.നി.വ., തീയതി, 22.02.2019.

3. (I) കാനറ ബാങ്ക്, എടനാട് ബ്രാഞ്ച് മാനേജരുടെ 24.08.2020 -ലെ കത്ത്.

(ii). കാനറ ബാങ്ക്, മാന്നാർ ബ്രാഞ്ച് മാനേജരുടെ തീയതിയില്ലാത്ത കത്ത്.

(iii). സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ RASMEC, മാവേലിക്കര, മാനേജരുടെ 23.12.2019-ലെ കത്ത്.

(iv). കേരള ഗ്രാമീൺ ബാങ്ക്, ക്രെഡിറ്റ് വിംഗ്, മലപ്പുറം, ചീഫ് മാനേജരുടെ 10.07.2020-ലെ കത്ത്.

## ഉത്തരവ്

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി. മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി'യിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ ജില്ലയിലെ കർഷകർക്ക് അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻ മണി വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ താഴെപറയുന്ന 4 (എണ്ണം) കർഷകർക്ക്/സംരഭകർക്ക് അനുവദിച്ച വായ്പയിൻമേലുള്ള മാർജിൻമണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ നമ്പർ | കർഷകന്റെ/ സംരംഭകന്റെ/ സ്ഥാപനത്തിന്റെ പേര്/ വിഭാഗം | ബന്ധപ്പെട്ട വകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | ടേംലോൺ/പ്രവർത്തന മൂലധനം ആയി അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന മാർജിൻ മണി (രൂപയിൽ) | മാർജിൻ മണി ക്രെഡിറ്റ് ചെയ്യേണ്ട ബാങ്ക് ബ്രാഞ്ച്/ IFSC കോഡ്/ അക്കൗണ്ട് നമ്പർ |
| 1 | രേണുകാദേവി, പൊന്നാരത്തിൽ ടൈലറിംഗ് | ചെങ്ങന്നൂർ അസി .ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസറുടെ 09.09.2020-ലെ A/548/2018 നമ്പർ കത്ത്. | കാനറബാങ്ക്, എടനാട് | 60,000/- | 15,000/- | |
| 2 | രഘുനാഥപിള്ള, എ.കെ. ഏജൻസീസ് | പത്തനംതിട്ട ജില്ലാ വ്യവസായ ഓഫീസറുടെ 01.03.2019-ലെ B/42/2019 നമ്പർ കത്ത്. | കാനറബാങ്ക്, മാന്നാർ | 10,00,000/- | 2,00,000/- | |
| 3 | അജികുമാർ. എ.വി., അശ്വതി ഷോപ്പിംഗ് സെന്റർ, പന്തളം | പത്തനംതിട്ട ജില്ലാ വ്യവസായ ഓഫീസറുടെ 30.03.2019-ലെ B/42/2019 നമ്പർ കത്ത്. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ RASMEC, മാവേലിക്കര | 22,00,000/- | 2,00,000/- | |
| 4 | തങ്കപ്പൻ. ടി.എം., അലോയ്ടെക്, ഇൻഡസ്ട്രീസ് | മാവേലിക്കര അസി .ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസറുടെ 22.03.2019-ലെ MT2/298/2019 നമ്പർ കത്ത് | ഗ്രാമീൺ ബാങ്ക്, മാന്നാർ ബ്രാഞ്ച് | 3,00,000/- | 75,000/- | |
| | | | ആകെ | | **4,90,000/-** | |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ തുകയായ **4,90,000/-** രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ 5-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ജില്ലാകളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ശേഷം തുക ക്രഡിറ്റ്ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാകളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതാണ്.

6. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പാപദ്ധതി പ്രകാരം മാർജിൻമണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതും ടിയിനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ. ഷീലാറാണി,
സ്പെഷ്യൽ സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് സമിതി, കാനറബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം - 695 001.
കൺവീനർ, ജില്ലാതല ബാങ്കേഴ്സ് സമിതി, എസ്.ബി.ഐ. ബ്രാഞ്ച്. P.B. No. 4404, C.L.S.B. Road, Alappuzha – 688011.
മാനേജർ, കാനറാ ബാങ്ക്, എടനാട്.
മാനേജർ, കാനറാ ബാങ്ക്, മാന്നാർ, റൂം നം. 500J, തിരുവോണം ബിൽഡിംഗ്, സ്റ്റോർ ജംഗ്ഷൻ, മാന്നാർ.
മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, മാവേലിക്കര
ചീഫ് മാനേജർ, കേരളാ ഗ്രാമീൺ ബാങ്ക്, ക്രെഡിറ്റ് വിംഗ്, മലപ്പുറം.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Bindumol K.N
സെക്ഷൻ ഓഫീസർ.